33945

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം. 15488/ഉപ.സി2/2015/ഉഭപവ | തിരുവനന്തപുരം, തീയതി : 26.08.2015

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - സർക്കാർ ഓഫീസുകളിൽ 'പുകവലി പാടില്ല' എന്ന ബോർഡ് പ്രദർശിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 23.03.2015 ലെ 515/ഉപസി2/15/ഉഭപവ നം. സർക്കുലർ

----

കേരള സർക്കാർ ജീവനക്കാർ, അവരുടെ ഔദ്യോഗിക കർത്തവ്യ നിർവ്വഹണ സമയത്ത് പുകവലി, മദ്യപാനം, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കൽ എന്നിവയിൽ ഏർപ്പെടരുതെന്ന് സൂചനയിലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ എല്ലാ സ്ഥാപനങ്ങളിലും 'പുകവലി പാടില്ല' എന്ന അറിയിപ്പ് പ്രദർശിപ്പിക്കുന്നത് ഉചിതമാണെന്ന് സർക്കാർ കരുതുന്നു. ഈ സാഹചര്യത്തിൽ എല്ലാ സർക്കാർ/പൊതുമേഖല/വിദ്യാഭ്യാസ/സഹകരണ/സ്വയംഭരണ സ്ഥാപനങ്ങളിലും 'പുകവലി പാടില്ല' എന്ന ബോർഡ് അടിയന്തിരമായി പ്രദർശിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ഇ. കെ. മാജി
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ വകുപ്പു മേധാവികൾക്കു ഓഫീസുകൾക്കും.
എല്ലാ പൊതുമേഖലാ/സ്വയംഭരണ/വിദ്യാഭ്യാസ/സഹകരണ സ്ഥാപന മേധാവികൾക്കും
നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തു സഹിതം).
മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
(പത്രമാധ്യമങ്ങളിലൂടെയുള്ള വിപുലമായ പ്രചരണത്തിനും സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ: ജി 4/33945/2015/കോ.വി.വ തീയതി: 23/09/2015

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 23/03/2015 ലെ 515/ഉ.പ.സീ 2/15/ഉ.ഭ.പ.വ നം. സർക്കുലർ പ്രകാരം ഈ കാര്യാലയത്തിന് കീഴിലുള്ള എല്ലാ സർക്കാർ കോളേജുകൾ, കോളേജ് ഹോസ്റ്റലുകൾ, ഉപവിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ കാര്യാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ 'പുകവലി പാടില്ല' എന്ന ബോർഡ് പ്രദർശിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
ഡോ. തോമസ് കുരുവിള
കോളേജ് വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 25/09/2015